**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2156** **11-10-2021 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിൽ ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ആയുഷ് ഡിസ്പെൻസറികളെ ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളാക്കി ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ ആയി അപ്ഗ്രേഡ് ചെയ്ത ആയുഷ് സ്ഥാപനങ്ങളിൽ പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടില്ല. |
| (ബി) | ഈ വർഷം നൂറ്റിയൻപത് ഡിസ്പെൻസറികളെക്കൂടി വെൽനെസ്സ് സെന്ററുകളാക്കുന്ന പദ്ധതിയിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ആയുഷ് ഡിസ്പെൻസറികളെക്കൂടി ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ? | (ബി) | വിവിധ തരത്തിലുള്ള സേവനങ്ങൾ നൽകേണ്ട കേന്ദ്രങ്ങളാണ് ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകൾ. അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ സൗകര്യമുള്ള ആയുഷ് ഡിസ്പെൻസറികളെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ഇത്തരം കേന്ദ്രങ്ങളാക്കി മാറ്റുന്നത്. ജില്ലാ പ്രോഗ്രാം മാനേജരുടെയും, ഡി.എം.ഒ.-മാരുടെയും സംയുക്ത പരിശോധനയിലാണ് ഇത്തരം കേന്ദ്രങ്ങളെ തെരഞ്ഞെടുക്കുന്നതിന് ലിസ്റ്റ് തയ്യാറാക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളുള്ളപക്ഷം ഈ വർഷം പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ സ്ഥാപനങ്ങളുടെ കൂടി ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ